# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.9** — **27/02/2017-ന് മറുപടിക്ക്**

## പി.എസ്.സി. വഴിയുള്ള നിയമനം

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ്

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ 25.05.2016 മുതൽ 31.01.2017 വരെ ആകെ 26,642 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ VARAM(Vacancy Arising Reporting and Monitoring system) വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ് വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഹെഡ്ക്വാർട്ടേഴ്സിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് (പരീക്ഷണാടിസ്ഥാനത്തിൽ) നിർദ്ദേശം നൽകിയിരുന്നു. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28.02.2017 ന മുമ്പ് വകുപ്പുതല പ്രമോഷൻ കമ്മിറ്റി ചേർന്ന് സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന വിശദാംശം നൽകുമോ ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

Ranjith MR

**സെക്ഷൻ ഓഫീസർ**